**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 480** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ചെറുകിട ജലവൈദ്യുതി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. കാസിം

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** താഴെ പറയുന്ന 87.50 MW ശേഷിയുള്ള 6 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

| **നം.** | **ജലവൈദ്യുത പദ്ധതി** | **സ്ഥാപിത ശേഷി (മെഗവാട്ട്)** | **ഉത്പാദന ശേഷി (മില്യൺ യൂണിറ്റ്)** |
|---|---|---|---|
| 1. | ഭൂതത്താൻകെട്ട് | 24 | 83.50 |
| 2. | പഴശ്ശിസാഗർ | 7.5 | 25.16 |
| 3. | ചിന്നാർ | 24 | 76.45 |
| 4. | ഓലിക്കൽ | 5 | 10.26 |
| 5. | പൂവാരംതോട് | 3 | 5.88 |
| 6. | അപ്പർ ചെങ്കുളം | 24 | 53.22 |
| | **ആകെ** | **87.5** | **254.47** |

ഇ.എം.സി - എസ് .എച്ച് .പി സെൽ മുഖേന സർക്കാർ പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിച്ച് നൽകിയിരുന്ന പാലക്കുഴി പദ്ധതിയിൽ (1 MW) നിർമ്മാണം നടന്നുവരുന്നുണ്ട്.

മാങ്കുളം പഞ്ചായത്തിന് വേണ്ടി 2018 ലെ പ്രളയം മൂലം പ്രവർത്തനം നിലച്ചുപോയ പാമ്പുംകയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനം ഇ.എം.സി സ്വന്തം ചെലവിൽ നടത്തിവരുകയാണ് .

**(ബി)** ഇനി സ്ഥലം ഏറ്റെടുക്കാനായി ഏതെല്ലാം ജലവൈദ്യുതി പദ്ധതികളാണ് ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇനി സ്ഥലം ഏറ്റെടുക്കാനായി ബാക്കിയുള്ള ജലവൈദ്യുതി പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **നം** | **പദ്ധതി** | **മെഗാവാട്ട്** | **ദശ ലക്ഷം യൂണിറ്റ്** |
|---|---|---|---|
| 1 | മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി | 7 | 23.02 |
| 2 | ലാഡ്രം ചെറുകിട ജലവൈദ്യുത പദ്ധതി | 3.50 | 12.13 |
| 3 | പീച്ചാട് ചെറുകിട ജലവൈദ്യുത പദ്ധതി | 3 | 7.74 |
| 4 | വെസ്റ്റേൺ കല്ലാർ ചെറുകിട ജല വൈദ്യുത പദ്ധതി | 5 | 17.41 |
| 5 | കീരിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി | 12 | 27.65 |
| 6 | ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | 22.83 |
| 7 | പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി (രണ്ടാം ഘട്ടം) | 24 | 53.85 |
| 8 | മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി | 6 | 14.84 |
| 9 | ചെമ്പുകടവ്-III ചെറുകിട ജലവൈദ്യുത പദ്ധതി | 7.50 | 17.715 |
| 10 | വാളാംതോട് ചെറുകിട ജലവൈദ്യുതി പദ്ധതി | 7.50 | 15.291 |
| 11 | കക്കയം പമ്പിംഗ് സ്കീം | | 29.488 Mu |

ഇതിൽ ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി, പൊരിങ്ങൽകുത്ത് ചെറുകിട ജല വൈദ്യുത പദ്ധതി **(രണ്ടാം ഘട്ടം),** മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി, വാളാംതോട് ചെറുകിട ജലവൈദ്യുതി പദ്ധതി, കക്കയം പമ്പിംഗ് സ്കീം എന്നീ പദ്ധതികൾക്ക് വനഭൂമി / വനം വകുപ്പിൽ നിന്നുള്ള അനുമതി കൂടി ലഭിക്കേണ്ടതുണ്ട് .

ഇടുക്കി ജില്ലയിലെ തന്നെ കീഴാർകുത്ത് പദ്ധതി (19.8MW), എറണാകുളം ജില്ലയിലെ പിണവൂർ പദ്ധതി (7MW) എന്നിവക്ക് വന ഭൂമി ഏറ്റെടുക്കുന്നതിന് സംരംഭകർ ഫോറസ്ററ് അനുമതിക്കായി നല്കിയ അപേക്ഷ പരിഗണനയിലാണ് .

**(സി)** ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിരുന്നതും 2014-ൽ നിർത്തലാക്കിയിതുമായ ഗ്രാന്റ് പുനഃസ്ഥാപിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാന് കേന്ദ്ര സർക്കാരിന്റെ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ 02.07.2014-ലെ ഉത്തരവ് പ്രകാരം മെഗാവാട്ടിന് പരമാവധി 20 കോടി രൂപ വരെ ധനസഹായം/ഗ്രാന്റ് 30.09.2017 വരെ നൽകി വന്നിരുന്നു.

സംസ്ഥാനങ്ങളുടെ ആവശ്യപ്രകാരം കേന്ദ്ര സർക്കാരിന്റെ പുനരുപയോഗ ഊർജ്ജ മന്ത്രാലയം 15.05.2026-ലെ ഉത്തരവ് പ്രകാരം 2026-27 സാമ്പത്തിക വർഷം മുതൽ 2030-31 സാമ്പത്തിക വർഷം വരെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനും, വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനും മെഗാവാട്ടിന് പരമാവധി 20 കോടി രൂപ വരെ ധനസഹായം/ ഗ്രാന്റ് നൽകുന്ന പദ്ധതി പുനരാരംഭിച്ചിട്ടുണ്ട് .

2026 മെയ് മാസം 11 ന്, കേന്ദ്ര സർക്കാർ, Small Hydro Power മേഖലയ്ക്കുള്ള Central Financial Assistance മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് . ഈ പദ്ധതി പ്രകാരം പുതിയ പദ്ധതികൾക്ക് സോളാർ എനർജി കോർപറേഷൻ ഓഫ് ഇന്ത്യ (SECI) മുഖാന്തിരം പരിശോധന വിജയകരമായി പൂർത്തിയാക്കുന്ന പദ്ധതികൾക്ക് ആണ് സാമ്പത്തിക സഹായം, ലഭിക്കുക. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കേരളത്തിൽ ഇ.എം.സി വഴിയാണ് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടത്.

**(ഡി)** കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിൽ നിലവിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതും, ഇനി നിർമ്മാണം നടത്താനായി വൈദ്യുതി വകുപ്പിന്റെ പരിഗണനയിൽ ഉള്ളതുമായ പദ്ധതികൾ ഏതെല്ലാം; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ?

**<u>മറുപടി:</u>** തിരുവമ്പാടി നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ

1) ഒലിക്കൽ (5 മെഗാവാട്ട്) - നിലവിൽ 40.90% ജോലികൾ പൂർത്തിയായിട്ടുണ്ട്.

2) പൂവാരംതോട് (3 മെഗാവാട്ട്) - നിലവിൽ 61.77% ജോലികൾ പൂർത്തിയായിട്ടുണ്ട്.

തിരുവമ്പാടി മണ്ഡലത്തിൽ ഇനി നിർമ്മാണം നടത്താനായി വൈദ്യുതിവകുപ്പിന്റെ പരിഗണനയിൽ ഉള്ള പദ്ധതികൾ.

1) മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി.

2) ചെമ്പുകടവ്-III ചെറുകിട ജലവൈദ്യുത പദ്ധതി

<u>മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6.00 മെഗാവാട്ട്)</u>

പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുകയാണ്. ഈ പദ്ധതിക്ക് സ്വകാര്യ ഭൂമിയും വനഭൂമിയും ആവശ്യമായി വരുന്നുണ്ട്. ഇതിൽ 95 ശതമാനം സ്വകാര്യഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. വനഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാറിന്റെ ഒന്നാംഘട്ട അനുമതി ലഭ്യമായിട്ടുണ്ട് .

<u>ചെമ്പുകടവ്-III ചെറുകിട ജലവൈദ്യുത പദ്ധതി (7.50 മെഗാവാട്ട്)</u>

പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.

<u>ഇ.എം.സി മുഖേന</u>

തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി പഞ്ചായത്തിലെ ചാലിപ്പുഴയിൽ സ്വകാര്യ സംരംഭകൻ നിർദ്ദേശിച്ച ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ടെക്നോ-എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട്

സമർപ്പിച്ചിട്ടുണ്ട് . പ്രസ്തുത പദ്ധതി കെ.എസ് .ഇ.ബി.എൽ വിഭാവനം ചെയ്ത ചെമ്പുകടവ് സ്റ്റേജ്-III പദ്ധതിയുമായി സാമ്യമുണ്ടെന്ന് കണ്ടെതിനാൽ ഇത് സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച് തീരുമാനം എടുക്കുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടുപോകാനാവും എന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**